Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/2024/1515-13 (5)

തീയതി : 12.08.2024

എല്ലാ ജില്ലാ കോർഡിനേറ്റർമാർക്കും

സർ,

വിഷയം:- **കൈറ്റ് - ഹൈടെക് സ്കൂൾ പദ്ധതി - സ്കൂളുകൾക്ക് നൽകിയ വാറണ്ടി കഴിഞ്ഞ Acer/BenQ പ്രൊജക്ടറുകളുടെ ലാമ്പ്, HDMI Cable, Acer ലാപ്ടോപ്പുകളുടെ ബാറ്ററി എന്നിവയ്ക്കുണ്ടാകുന്ന കേടുപാട് പരിഹരിക്കുന്നത് സംബന്ധിച്ച്**

സൂചന:-
1. ടെണ്ടർ നം.KITE/1046/2023-24 dated 29.05.2023
2. കൈറ്റിന്റെ 25.08.2023 ലെ KITE/2023/1515-13 (2) നമ്പർ സർക്കുലർ.
3. ടെണ്ടർ നം. KITE/1048-1/2023-24 dated 15.02.2024
4. സർക്കാർ നിയോഗിച്ച ഐടി സാങ്കേതിക സമിതിയുടെ 02.08.2024 യോഗത്തിന്റെ മിനിറ്റ്സ്.

ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ വിന്യസിച്ച ലാപ്ടോപ്പുകൾക്കും പ്രൊജക്ടറുകൾക്കും അഞ്ചു വർഷത്തെ വാറണ്ടി കാലയളവിന് ശേഷം സൂചന 1, 3 ടെണ്ടറുകൾ പ്രകാരം കൈറ്റ് AMC ഏർപ്പെടുത്തിയിരുന്നു. നിലവിൽ ലാപ്ടോപ്പുകൾക്ക് 2025 മാർച്ച് 31 വരെയും പ്രൊജക്ടറുകൾക്ക് 2024 ഓഗസ്റ്റ് 31 വരെയുമാണ് AMC ഉള്ളത്. **പ്രവർത്തനക്ഷമമായ പ്രൊജക്ടറുകൾക്ക് മാത്രമേ ആഗസ്റ്റ് 31-ന് ശേഷം തുടർന്നും AMC ഏർപ്പെടുത്താൻ കഴിയൂ.**

AMC യിൽ ഉൾപ്പെടുത്താത്ത components ആയ ലാപ്ടോപ്പ് ബാറ്ററി, പ്രൊജക്ടറിന്റെ ലാമ്പ്, HDMI കേബിൾ എന്നിവ ടെണ്ടർ മുഖേന ലഭിച്ച വിലയ്ക്ക് സ്കൂളുകൾക്ക് ടെണ്ടർ ലഭിച്ച ഏജൻസിയിൽ നിന്നും നേരിട്ട് വാങ്ങാൻ അവസരം നൽകണമെന്നും അപ്രകാരം മാറ്റിവെക്കുന്ന ലാപ്ടോപ്പും പ്രൊജക്ടറും കൂടെ AMC യുടെ ഭാഗമാക്കണമെന്നും സൂചന 4 യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

മേൽസാഹചര്യത്തിൽ ഹൈടെക് സ്കൂൾ പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളുകൾക്ക് ടെണ്ടർ ലഭിച്ച ഏജൻസിയായ M/s. Puthur Infotech Pvt. Ltd -ൽ നിന്നും താഴെപ്പറയുന്നവ components നേരിട്ട് ടെണ്ടർ വഴി ലഭിച്ച നിരക്കിൽ വാങ്ങാവുന്നതാണ്.

| | | | |
|---|---|---|---|
| 1. | ലാപ്ടോപ്പ് ബാറ്ററി | : | ₹3540/- (3000 + GST) |
| 2. | പ്രൊജക്ടർ ലാമ്പ് | : | ₹3575/- (3030 + GST) |
| 3. | HDMI Cable ( 2.5 m) | : | ₹242/- (205 + GST) |

ടി components ന് ഒരു വർഷത്തെ വാറണ്ടി ഉണ്ടായിരിക്കും. വാറണ്ടി കാലയളവിൽ components ന് പ്രവർത്തന തകരാർ സംഭവിച്ചാൽ M/s. Puthur Infotech Pvt. Ltd, No.54/5618, Kumaranasan Nagar, Kadavanthra, Cochin - 682020, Ph: 0484-4041205, E-mail: infocochin@puthurinfotech.com നെ സമീപിക്കാവുന്നതാണ്.

ഇക്കാര്യത്തിൽ സ്കൂളുകൾക്ക് ആവശ്യമായ സാങ്കേതിക സഹായം കൈറ്റിന്റെ ജില്ലാ ഓഫീസുകൾക്ക് നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്:
- പൊതുവിദ്യാഭ്യാസ ഡയറക്ടർ (അറിവിലേക്ക്)
- ഹൈടെക് പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും
- സ്റ്റോക്ക് ഫയൽ